**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്ത പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൈവശഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അത്തരത്തിലുള്ള എത്ര പട്ടയ അപേക്ഷകളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ അത്തരത്തിലുള്ള 25 (ഇരുപത്തിയഞ്ച്) അപേക്ഷകൾ ഉണ്ട്. |
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നില്ല എന്ന വിഷയത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | റോഡ് പുറമ്പോക്കും റോഡിനോടു ചേർന്ന സ്ഥലങ്ങളും പതിച്ചു നൽകരുതെന്ന പൊതുമരാമത്ത് വകുപ്പിന്റെ സർക്കുലർ നിർദ്ദേശം നിലനിൽക്കുന്നതിനാലാണ് PWD നിരാക്ഷേപ പത്രം അനുവദിക്കാറില്ലാത്ത സാഹചര്യം ഉണ്ട്. ഭാവിയിൽ റോഡ് വികസനത്തിന് ആവശ്യമില്ലാത്ത ഭൂമിക്ക് നിരാക്ഷേപ പത്രം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ഒരു കൂടിയാലോചന നടത്തി തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ